(സി) 4-11-2015 വരെയുള്ള കണക്കനുസരിച്ച് ജീവനക്കാരുടെ വിഹിതമായി 56.99 കോടി രൂപയാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചിട്ടുള്ളത്. 4-11-2015 വരെ സർക്കാർ വിഹിതമായ 56.69 കോടി രൂപയും ചേർത്താണ് നിക്ഷേപിച്ചിട്ടുള്ളത്.

6-2-2014 ലെ സർക്കുലർ നമ്പർ 07/14/ധന ഖണ്ഡിക V അനുസരിച്ച് പി.എഫ്. ആർ.ഡി.എ. നിർദ്ദേശപ്രകാരം ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേന SBI പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ് , എൽ.ഐ.സി.പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നിവയിലാണ് ഈ തുക നിക്ഷേപിച്ചുവരുന്നത്.

(ഡി) 26-11-2015-ലെ സ്റ്റാർക്ക് ഡാറ്റ പ്രകാരം പുതിയ പെൻഷൻ സ്കീമായ ദേശീയ പെൻഷൻ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 26,641 പേർക്കാണ് പ്രാൺ (PRAN)നമ്പർ ലഭ്യമായിട്ടുള്ളത്.

സർക്കാർ ജീവനക്കാർ

100 (106) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അദ്ധ്യാപകരും ഡോക്ടർമാരും ഉൾപ്പെടെ ആകെ എത്രസർക്കാർ ജീവനക്കാരുണ്ട് ; 2010-11 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്ര കോടിയായിരുന്നു; ആ വർഷം ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്നതിന് ചെലവായിരുന്ന തുക എത്രയായിരുന്നു ;

(ബി) 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം എത്രയായിരുന്നു; ആ വർഷം ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനും വേണ്ടി ചെലവായിരുന്ന മൊത്തം തുക എത്രയായിരുന്നു ;

(സി) 2015-16 വർഷത്തെ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന മൊത്തം റവന്യൂ വരുമാനം എത്ര ; ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിന് പ്രതീക്ഷിച്ച ചെലവ് എത്ര ;

(ഡി) കഴിഞ്ഞ അഞ്ച് വർഷത്തെ റവന്യൂ വരുമാനവും ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനും ചെലവാകുന്ന തുകയും സംബന്ധിച്ച് വിലയിരുത്തി വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2015-16 ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം അദ്ധ്യാപകരും ഡോക്ടർമാരും ഉൾപ്പെടെ ആകെ സർക്കാർ ജീവനക്കാരുടെ എണ്ണം 5,11,487 (അഞ്ച് ലക്ഷത്തി പതിനൊന്നായിരത്തി നാനൂറ്റി എൺപത്തി ഏഴ്) ആണ്. 2010-11 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം 30991 കോടി രൂപയായിരുന്നു. ആ വർഷം ജീവനക്കാരുടെ ശമ്പളവും പെൻഷനും നൽകുന്നതിനുവേണ്ടി ചെലവായ തുക 16,835.87 കോടി രൂപയായിരുന്നു.

(ബി) 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 57950.47 കോടി രൂപയായിരുന്നു. ആ വർഷം ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനും മറ്റ് ആനുകൂല്യങ്ങൾക്കും വേണ്ടി ചെലവായ തുക 32683.79 കോടി രൂപയായിരുന്നു.

(സി) 2015-16 വർഷത്തെ ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്ന മൊത്തം റവന്യൂ വരുമാനം 77427 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം ജീവനക്കാർക്ക് ശമ്പളവും പെൻഷനും നൽകുന്നതിന് പ്രതീക്ഷിക്കുന്ന ചെലവ് 39839.02 കോടി രൂപയാണ്.

(ഡി)

(തുക കോടിയിൽ)

സാമ്പത്തിക വർഷം	റവന്യൂ വരുമാനം	ശമ്പളത്തിനും പെൻഷനും ചെലവായ തുക
2010-11	30991.00	16835.87
2011-12	38010.00	24783.55
2012-13	44137.00	26180.59
2013-14	49177.00	29312.25
2014-15	57950.47	32683.79

കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ റവന്യൂ വരുമാനത്തിന്റെ ശരാശരി 59% ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനുമായി ചെലവഴിക്കുന്നുണ്ട്.